**പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം -695003, ഫോൺ/ഫാക്സ് – 0471 2727379
ഇമെയിൽ – bcddkerala@gmail.com, വെബ്സൈറ്റ് -www.bcdd.kerala.gov.in

**BCDIR/B3/370/2022** തീയതി :13/06/2022

ഭരണഭാഷ – മാതൃഭാഷ

## വിജ്ഞാപനം

### കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി 2022-23

വിഷയം: – പിന്നാക്ക വിഭാഗ വികസന വകുപ്പ് – കുംഭാര കോളനികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി നടപ്പാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു.

സൂചന :- 1)സ.ഉ(സാധാ)നമ്പർ.92/2019/പി.വി.വി.വ തീയതി 17/09/2019
2)സ.ഉ(സാധാ) നമ്പർ. 19/2022/പി.വി.വി.വ തീയതി: 28/02/2022.

പിന്നാക്ക വിഭാഗങ്ങളിലെ ദുർബല വിഭാഗങ്ങളായ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ സമഗ്ര പുരോഗതിയ്ക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി. ഒരു കോളനിക്ക്/സങ്കേതത്തിന് പരമാവധി ഒരു കോടി രൂപ ധനസഹായം അനുവദിക്കുന്നതാണ്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കോളനി സ്ഥിതി ചെയ്യുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു. പ്രൊപ്പോസലുകൾ ലഭിക്കേണ്ട അവസാന തീയതി 30.06.2022. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>മാനദണ്ഡങ്ങൾ</u>

- കുറഞ്ഞത് 10 മൺപാത്ര നിർമ്മാണ സമുദായ കുടുംബങ്ങൾ എങ്കിലും ഉൾപ്പെട്ട സങ്കേതം ആയിരിക്കണം.
- 10% കുടുംബങ്ങളെങ്കിലും പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടവർ ആയിരിക്കണം. കൂടുതൽ കുടുംബങ്ങളും ജനസംഖ്യയും ഉള്ള കോളനി /സങ്കേതങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.
- നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൊതുവായ സ്ഥലം ലഭ്യമായ സങ്കേതങ്ങൾക്ക് മുൻഗണന നൽകുന്നതാണ്. കോളനിയിൽ പൊതുസ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കീഴിൽ അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്ന പക്ഷം ആയത് നിർമ്മാണ പ്രവർത്തനങ്ങൾക്കായി പരിഗണിക്കാവുന്നതാണ്.

<u>നവീകരണ പ്രവർത്തനങ്ങൾ</u>

- കോളനി/സങ്കേതത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് പദ്ധതി പ്രധാനമായും ഊന്നൽ നൽകുന്നത്.
- പൊതുവായ വർക്ക് ഷെഡ്, പൊതുവായ മണ്ണരക്കുന്ന യന്ത്രം, പൊതു ചൂള, പൊതു മാർക്കറ്റ്, മൊബൈൽ വിപണന യൂണിറ്റ്, മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമുള്ള സൗകര്യം, കമ്മ്യൂണിറ്റി ഹാൾ, ഗ്രന്ഥശാല.
- ഇവ കൂടാതെ കോളനിയിലേക്കുള്ള റോഡ് , നടപ്പാത, മണ്ണ് സംരക്ഷണം, കുടിവെള്ള സൗകര്യങ്ങൾ, വൈദ്യുതി എന്നിവക്കും തുക അനുവദിക്കുന്നതാണ്. വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കുന്നതല്ല.

<u>അനുവദിയ്ക്കുന്ന പരമാവധി തുക</u>

ഒരു കോളനിക്ക്/സങ്കേതത്തിന് പരമാവധി ധനസഹായം ഒരു കോടി രൂപയാണ്.

കോളനി സ്ഥിതി ചെയ്യുന്ന തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ഒപ്പ് വെച്ച വിശദമായ പ്രോജക്ട് പ്രൊപ്പോസൽ ചുവടെ രേഖപ്പെടുത്തിയിട്ടുള്ള രേഖകൾ സഹിതം 30.06.2022 നകം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നേരിട്ടോ, തപാൽ മാർഗ്ഗമോ ലഭ്യമാക്കേണ്ടതാണ്.

1. സങ്കേതത്തിലെ കുടുംബങ്ങളുടെ പട്ടികയും , ജാതി സംബന്ധിച്ച വിവരങ്ങളും . (കുടുംബനാഥന്റെ പേരും, വിലാസവും, ജാതിയും രേഖപ്പെടുത്തിയാൽ മതിയാകും)
2. ടി സങ്കേതത്തിൽ ആവശ്യമായ പ്രവൃത്തികൾ സംബന്ധിച്ച റഫ് കോസ്റ്റ് എസ്റ്റിമേറ്റ്.
3. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കമ്മിറ്റി തീരുമാനവും, സെക്രട്ടറിയുടെ ശിപാർശ കത്തും.

<u>കോളനി/സങ്കേതം തെരഞ്ഞെടുപ്പ്</u>

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ അഡീഷണൽ സെക്രട്ടറി, ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ എന്നിവരടങ്ങുന്ന സമിതി പരിശോധിച്ച് സമർപ്പിക്കുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ അന്തിമ ഗുണഭോക്തൃ കോളനിയെ സർക്കാർ തെരഞ്ഞെടുക്കുന്നതാണ്.

<u>പദ്ധതി നടത്തിപ്പ്</u>

കോളനി/സങ്കേത നവീകരണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങളെല്ലാം തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിലവിലെ നിർമ്മാണ ചട്ടങ്ങള്ക്കനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതാണ്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം ഇതിനായി പിന്നാക്ക വിഭാഗ വികസന വകുപ്പുമായി നിശ്ചിത മാതൃകയിൽ കരാറിൽ ഏർപ്പെടേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനം നിർമ്മാണ പ്രവര്ത്തനങ്ങൾക്ക് കരാർ നൽകി നിർമ്മാണം ആരംഭിക്കുന്ന മുറയ്ക്ക് പൊതുമരാമത്ത് ചട്ടപ്രകാരം നിയമാനുസൃത മുൻകൂർ തുക അനുവദിക്കുന്നതും, അസ്സൽ ബില്ലുകൾ ഹാജരാക്കുന്ന മുറക്ക് തുക ബന്ധപ്പെട്ടവർക്ക് നൽകുന്നതുമാണ്. തുക അനുവദിക്കുന്നത് പൊതുമരാമത്ത് ചട്ടങ്ങൾക്കനുസരിച്ചായിരിക്കും.

<u>പ്രൊപ്പോസൽ അയക്കേണ്ട വിലാസം</u>

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യൻകാളി ഭവൻ, നാലാംനില, കനക നഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ., തിരുവനന്തപുരം-695003 എന്ന വിലാസത്തിൽ പ്രൊപ്പോസലുകൾ ലഭ്യമാക്കേണ്ടതാണ്. അവസാന തീയതി <u>2022 ജൂൺ 30</u> . കൂടുതല് വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ആഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്. വെബ്സൈറ്റ് : www.bcdd.kerala.gov.in .

കൊല്ലം മേഖലാ ആഫീസ് – 0474 2914417
എറണാകുളം മേഖലാ ആഫീസ് – 0484 2429130
പാലക്കാട് മേഖലാ ആഫീസ് – 0491 2505663
കോഴിക്കോട് മേഖലാ ആഫീസ് – 0495 2377786

Signature Not Verified
Digitally signed by DEVIDAS N
Date: 2022.06.13 11:18:45 IST
Reason: Approved

DEVIDAS N IAS
DIRECTOR

പകർപ്പ് :

1. ഗവ. സെക്രട്ടറി – പി.വി.വി.വ , തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)
4. ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ
5. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ , കൊല്ലം/എറണാകുളം /പാലക്കാട് /കോഴിക്കോട്
6. ഡയറക്ടറുടെ മേശമേൽ
7. ഐ.ടി ഡിവിഷൻ കോർഡിനേറ്റർ, പി.വി.വി.വ
8. നോട്ടീസ് ബോർഡ്
9. കരുതൽ/അധികം